No. CEE/5302/LLM /2015/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2015–16 ലെ എൽഎൽ.എം കോഴ്സ് പ്രവേശനം

## രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2015–16 വർഷത്തെ എൽഎൽ.എം കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാമത്തെയും അവസാനത്തെയും കേന്ദ്രീകൃത അലോട്ടുമെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ 'LL.M 2015- Candidate Portal 'എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച് '**Allotment Result**' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് കീ നമ്പർ, പാസ്‌വേർഡ് എന്നിവ നൽകി അവരവരുടെ അലോട്ടുമെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ടുമെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റ് ലഭിച്ച കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, അടയ്ക്കേണ്ട ട്യൂഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും അഡ്മിഷൻ സമയത്ത് കോളേജ് അധികാരികളുടെ മുന്നിൽ ഹാജരാക്കേണ്ടതുമാണ്.

രണ്ടാം ഘട്ട അലോട്ട്മെന്റിൽ പുതുതായി അലോട്ടുമെന്റ് ലഭിച്ചവരും, ഒന്നാം ഘട്ടത്തിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് രണ്ടാം ഘട്ടത്തിൽ ലഭിച്ച വിദ്യാർത്ഥികളും രണ്ടാം ഘട്ട അലോട്ടുമെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 17 ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **2016 മാർച്ച് 21** മുതൽ **2016 മാർച്ച് 23** വരെയുള്ള തീയതികളിലൊന്നിൽ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽ മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് അലോട്ട്മെന്റ് മെമ്മോ യിൽ കാണിച്ചിട്ടുള്ള ഫീസ് കോളേജിൽ ഒടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ച് ഓൺലൈൻ അഡ്മി ഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) ന്റെ ഹോം പേജിൽ കാണുന്ന **'Approval of Admission list of Candidates'** എന്ന ലിങ്കിലൂടെ **23.03.2016** **വൈകുന്നേരം 5.30** ന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകേണ്ടതാണ്..

നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ നിലവിലുള്ള അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

23.03.2016 ന് വൈകുന്നേരം 5 മണിയ്ക്ക് ശേഷം ഏതെങ്കിലും സീറ്റുകൾ സർക്കാർ/സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ ഒഴിവുള്ള പക്ഷം അവ കോളേജ് അധികാരികൾ 31.03.2016–നോ അതിനു മുൻപായോ സ്പോട്ട് അഡ്മിഷൻ വഴി നികത്തുന്നതാണ്. പത്ര–ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 16.7(b) ലെ വ്യവസ്ഥകൾക്ക് വിധേയമായി 31.03.2016 ന് മുൻപായി സ്പോട്ട് അഡ്മിഷൻ വഴി ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിന് എല്ലാ കോളേജ് അധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 23.03.2016 ന് ശേഷം സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ ഒഴിവുകൾ നിലവിലുള്ള പക്ഷം അവ സർക്കാർ മെരിറ്റ് സീറ്റുകളായി കണക്കാക്കി സ്പോട്ട് അഡ്മിഷൻ വഴി നികത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് രാവിലെ 10 **മണി** മുതൽ വൈകുന്നേരം 5 മണി വരെ താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471–2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
20.03.2016

പ്രവേശന പരീക്ഷാ കമ്മീഷണർ